ശ്രീ. കെ. എം. മാണി : ഇത് കേട്ടാൽ തോന്നും ഈ ആഡിറ്റർ റിപ്പോർട്ടു കളെല്ലാം അപാകതകളുടെ ഒരു നിഘണ്ടുവാണെന്ന്, അല്ല, ആഡിറ്റർ റിപ്പോർട്ടിൽ ഏതെങ്കിലും ഒരു കേസിനെപ്പറ്റിയുള്ള പരാമർശനം കാണും. ഈ ആഡിറ്റർ റിപ്പോർട്ട് വാങ്ങിച്ച് ഗവൺമെന്റ് ആ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ എവിടെയെങ്കിലും ഡെർലിക്ഷൻ ഓഫ് ഡ്യൂട്ടിയുണ്ടെങ്കിൽ നടപടി യെടുക്കും. ആഡിറ്റർ റിപ്പോർട്ടിൽ ഏതെങ്കിലും ഒരു കേസിനെപ്പറ്റി പരാമർ ശനമുണ്ടായാൽ ഉടനെ ജനറലൈസേഷൻ തെറ്റാണ്. It is a bad logic ആ ജനറലൈസേഷൻ തെറ്റാണ്.

ശ്രീ. ഇ. കെ. നായനാർ : മന്ത്രി ശരിയായ മറുപടി പറയണം. എട്ടു ലക്ഷം രൂപ ഒരു വ്യാപാരിക്ക് വിട്ടു വീഴ്ച ചെയ്തു കൊടുത്തു. ഈ മന്ത്രി അതിനെസംബന്ധിച്ച് ഉദ്യോഗസ്ഥന്റെ തലയിൽ വയ്ക്കുകയാണ്. ഉദ്യോ ഗസ്ഥനൊന്നുമല്ല ഇത് ചെയ്തത്.

മെഴുകുതിരിയുടെ വിൽപ്പന നികുതി

* 397. [457] ശ്രീ. എം. വി. രാഘവൻ :

,, വി. കേശവൻ :

,, എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഴുകുതിരിയുടെ വിൽപ്പന നികുതി എടുത്തു കളയണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) മെഴുകുതിരി വ്യവസായ പ്രതിസന്ധിയെ നേരിടുകയാണെന്ന വസ്തുത കണക്കിലെടുത്ത് ഇതേപ്പറ്റി പരിശോധിച്ച് നടപടി സ്വീകരി ക്കുമോ ?

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് മെഴുകുതിരി നിർമ്മാതാക്കളുടെ സംഘടന നൽകിയ നിവേദനം ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

ശ്രീ. എം. വി. രാഘവൻ : എത്രകൊല്ലം കൊണ്ട് ഇതു പരിശോധിക്കും? ഇതിന് നികുതിയിളവ് കൊടുത്താൽ എത്ര നഷ്ടം വരുമെന്ന് വല്ല കാൽക്കുലേ ഷനും ഗവൺമെന്റിനുണ്ടോ ? എന്റെ അഭിപ്രായത്തിൽ വളരെ തുച്ഛമായ താണ്. ഇതൊരു കുടിൽ വ്യവസായമാണ്. അതു വിട്ടു കൊടുത്തുകൂടെ?

ശ്രീ. കെ. എം. മാണി : ഇങ്ങനെയൊക്കെ പല കാര്യങ്ങളിലും എക്സംപ്ഷൻ കൊടുക്കുമ്പോഴാണ് ഗവൺമെന്റിന്റെ വരുമാനം കുറയു ന്നത്. ഇത് അനുവദിച്ചുകൊടുത്താൽ 17 ലക്ഷം രൂപയുടെ കുറവുവരും.

ശ്രീ. എം. വി. രാഘവൻ : 17 ലക്ഷം രൂപ എന്നുപറഞ്ഞാൽ ഒരു സെയിൽസ്ടാക്സ് വ്യാപാരിക്ക് ശ്രീമാൻ മാണി തന്നെ ഒഴിവാക്കിക്കൊടുക്കു ന്നതേ വരികയുള്ളൂ. ഇത് വളരെ തുച്ഛമായതാണ്. അതുകൊണ്ട് ഇത് ഒഴിവാക്കുന്നകാര്യം ഗവൺമെന്റ് പരിശോധിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഞാൻ എന്റെ ജീവിതത്തിൽ ഒരു വ്യാപാരിക്കും ഇതുപോലെ ഒഴിവാക്കിക്കൊടുത്തിട്ടില്ല. അങ്ങനെ ഒഴിവാക്കിക്കൊടുത്തു എന്ന് ശ്രീ. എം. വി. രാഘവൻ പറഞ്ഞാൽ ഞാൻ ചലഞ്ച് ചെയ്യാം. ശ്രീ. എം. വി. രാഘവന് ഏതെങ്കിലും വ്യാപാരിക്ക് ഇതിൽ ഒഴിവാക്കിക്കൊടുക്കണമെന്നുണ്ടെങ്കിൽ നമുക്കുതമ്മിൽ അത് ഡിസ്ക്കസ് ചെയ്യാം. ഞാൻ അത് ആലോചിക്കാം.

ശ്രീ. എം. വി. രാഘവൻ : ഈ ഗവൺമെന്റിനെപ്പറ്റി പറയുമ്പോഴും മന്ത്രി ഓർഡറിട്ടു എന്നല്ല. ഡെമോക്രസിയിൽ മന്ത്രിയാണ് ഏത് ഉദ്യോഗസ്ഥൻ ചെയ്താലും ഉത്തരവാദി. നിങ്ങളും ചെയ്യുന്നില്ല. നിങ്ങളും ഉദ്യോഗസ്ഥൻമാരെ വിളിച്ചുപറഞ്ഞ് ചെയ്യുന്നുണ്ടാവും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇത് നിസാരമായ കാര്യമല്ല.

ശ്രീ. കെ. എം. മാണി : ശ്രീ. നായനാരുടെ കാലഘട്ടത്തിൽ ചെയ്തതിനേറെയും ഉത്തരവാദിത്വമുണ്ട്. ഗവൺമെന്റിന് കണ്ടിന്യൂറ്റിയുണ്ട്. ആ ഉത്തരവാദിത്വം ഇപ്പോഴും വഹിക്കുന്നുണ്ട്. ആ കാര്യത്തിൽ ഒരു വിഷമവുമില്ല.

ശ്രീ. വി. കേശവൻ : മെഴുകിന്റെ വിലവർദ്ധനവും അതുപോലെ സെയിൽസ്ടാക്സും ചേർത്ത് മെഴുകുതിരിവ്യവസായം ഒരുതരത്തിലും ലാഭകരമായി തുടരാൻ സാധിക്കുന്നില്ല. നഷ്ടമാണ്. അതുകൊണ്ട് ഈ വ്യവസായം വലിയ പ്രതിസന്ധിയെ നേരിടുകയാണ്. ഇപ്പോഴും നിവേദനം കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു. 17 ലക്ഷം രൂപയേ നഷ്ടം വരികയുള്ളു. അടിയന്തിരമായി തീരുമാനമെടുത്തുകൊണ്ട് ഈ മെഴുകുതിരി വ്യവസായത്തെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഏതായാലും ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് പരിശോധിക്കാം. മെഴുകുതിരി വ്യവസായം കുടിൽ വ്യവസായമാണ്. എന്തെങ്കിലും അൽപ്പം ആനുകൂല്യം കൊടുക്കണമെങ്കിൽ ഗവൺമെന്റ് കൊടുക്കാം. എപ്പോഴും ഗവൺമെന്റ് അങ്ങനെ ആനുകൂല്യമൊക്കെ കൊടുക്കാറുണ്ട്. ഈ ആനുകൂല്യങ്ങളൊക്കെ കൊടുത്തതിനുശേഷവും ടാർജറ്റ് കവിയുന്നുണ്ടെങ്കിൽ അതിനെ അനുമോദിക്കുകയല്ലാതെ പിന്നെ എന്താണ് ചെയ്യേണ്ടത്.

ശ്രീമതി കെ. ആർ. ഗൗരി : കഴിഞ്ഞ 8 കൊല്ലത്തിനുമുൻപ് 70 കി. മെഴുകിന് 135 രൂപയായിരുന്നു. ഇപ്പോൾ 730 രൂപയാണ് മെഴുകിന്റെ വില. ആ മെഴുകുകൊണ്ട് ഇന്ന് മെഴുകുതിരി ഉല്പാദിപ്പിച്ചാൽ അത് നഷ്ടത്തിലേ ഉണ്ടാക്കാൻ കഴിയൂ. ആയിരക്കണക്കിന് സ്ത്രീകളുടെ കുടിൽവ്യവസായമാണിത്. സാധാരണഗതിയിൽ സ്ത്രീകളാണ് മെഴുകുതിരി ഉണ്ടാക്കുന്നത്. മുമ്പ് 5 ചാക്ക്, 10 ചാക്ക്, 20 ചാക്ക് ഇങ്ങനെ കായംകുളത്തുള്ള വലിയ ആളുകൾ മാത്രമാണ് ഈ വ്യവസായം നടത്തിയിരുന്നത്. ഇന്ന് ഇതൊരു കുടിൽവ്യവസായമെന്നുള്ള നിലയിൽ പ്രവർത്തിക്കുന്നതുകൊണ്ട് ഈ മെഴുകുതിരി വ്യവസായം ഒരു പ്രതിസന്ധിയെ നേരിടുകയാണ്. മുമ്പ് ഈ വ്യവസായം പ്രതിസന്ധിയിലായപ്പോൾ വൻകിട മുതലാളിമാർക്ക് സെയിൽസ്ടാക്സ് ഇളവ് ചെയ്തുകൊടുത്തതുപോലെ ഈ ഗവൺമെന്റ് പാവപ്പെട്ട മെഴുകുതിരി ഉല്പാദകർക്കും ടാക്സ് ഇളവ് ചെയ്തു കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇത് സ്ത്രീകളുടെ വ്യവസായമാണ് എന്നു പറഞ്ഞതുകൊണ്ട് ശ്രദ്ധാപൂർവ്വം നോക്കണം. പക്ഷേ മെഴുകുതിരി കച്ചവടക്കാരോട് നമുക്കെല്ലാപേർക്കും അനുഭവമുണ്ട്. പാരഫിൻ വാക്സ്—

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ഉണ്ടാക്കുന്ന ഒരു ബൈ പ്രോഡക്ടിലുള്ള പാരഫിൻ വാക്സ്—ഉപയോഗിച്ചാണ് മെഴുകുതിരി ഉണ്ടാക്കുന്നത്. അവർ സിഡ്കോക്ക് നേരിട്ട് വിറ്റിട്ട് സിഡ്കോ, യൂണിറ്റ്സിന് കൊടുക്കുന്നതുകൊണ്ട് 5 (7) അനുസരിച്ചുള്ള കൺസഷൻ ഇപ്പോൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതിൽ നമുക്ക് ഇൻറേണലായിട്ടുള്ള എന്തെങ്കിലുമൊരു ഏർപ്പാടുണ്ടാക്കാൻ കഴിയുന്നു എങ്കിൽ ഇന്നത്തെ ഈ പരിതഃസ്ഥിതി പരിഹരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മാണി പള്ളിയിൽ പോകുന്ന ആളാണല്ലോ, ഇപ്പോൾ അവിടെ മെഴുകുതിരികളുടെ എണ്ണം ധാരാളം കുറഞ്ഞിട്ടുണ്ട് എന്ന കാര്യം അറിയാമോ എന്നറിയില്ല. രണ്ടാമത്തേത് ഇലക്ട്രിസിറ്റിയുടെ ചാർജ്ജാണ്. കൂടെക്കൂടെ ഇലക്ട്രിസിറ്റി പോകും. കറൻറില്ലാത്തപ്പോൾ ഞങ്ങൾ ആശ്രയിക്കുന്നത് മെഴുകുതിരിയേയാണ്. അതുകൊണ്ട് ഈ മെഴുകുതിരിയെയെങ്കിലും നികുതിയിൽ നിന്ന് ഒഴിവാക്കി ഞങ്ങളെ രക്ഷിക്കണം. കറൻറ് ഏതവസരത്തിലും പോകാം. അതുകൊണ്ട് കറൻറ് ഫെയിലുവർ തുടർച്ചയായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിലും, അതുപോലെ, പള്ളിയിൽ കത്തിക്കുന്ന മെഴുകുതിരികളുടെ എണ്ണം കുറഞ്ഞസാഹചര്യത്തിലും ഈ രണ്ട് പരിഗണനകളും വച്ച് ഇതിനെ വില്പന നികുതിയിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : മെഴുകുതിരിയിലല്ലല്ലോ കാര്യങ്ങളെല്ലാം ഇരിക്കുന്നത്. വിശ്വാസം എന്നുപറയുന്നത് ആ മെഴുകുതിരിയിൽ മാത്രമാണ്. ഞാൻ ഒരു ഈശ്വര വിശ്വാസിയാണ്. പക്ഷേ ഞാൻ മെഴുകുതിരിയേക്കാൾ ഈശ്വരനെ ആരാധിക്കുകയും വിശ്വസിക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. എന്തായാലും ഇതുസംബന്ധിച്ച് ബുദ്ധിമുട്ടൊന്നും പള്ളികാര്യക്കാർ വന്നിട്ടില്ല. ഇലക്ട്രിസിറ്റിക്ക് പകരം ഇതിനെ ശ്രീ. വർക്കല രാധാകൃഷ്ണനോ മറ്റാർക്കെങ്കിലുമോ കൂടുതൽ വ്യാപകമായി പ്രോത്സാഹിപ്പിക്കണമെന്നുണ്ടെങ്കിൽ നമുക്ക് നോക്കാം, ഇതിനെക്കുറിച്ച് ആലോചിക്കാം.

കേസുകൾമൂലം നിറുത്തി വയ്ക്കേണ്ടിവന്ന പണികൾ

*398 [458]. ശ്രീ കാനം രാജേന്ദ്രൻ :

,, വി. കെ. രാജൻ :

,, കെ. പി. പ്രഭാകരൻ :

,, കെ. ഇ. ഇസ്മയിൽ :

,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെൻറു വർക്കുകൾ ഏറ്റെടുത്തുനടത്തുന്ന കോൺട്രാക്ടർമാർ കൊടുത്തതും അവർക്കെതിരായി കൊടുത്തതുമായ എത്ര കേസുകൾ കോടതികളിൽ നിലവിലുണ്ട് ;

(ബി) ഈ കേസുകളുടെ പേരിൽ നിർത്തിവയ്ക്കേണ്ടിവന്ന എത്ര പണികൾ സംസ്ഥാനത്തുണ്ട് ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) കോൺട്രാക്ടർമാർ കൊടുത്ത 41 കേസുകളും അവർക്കെതിരായി കൊടുത്ത ഒരു കേസ്സും നാഷണൽ ഹൈവേ വിഭാഗത്തിലുണ്ട്. ബി & ആർ വിഭാഗത്തിൽ കോൺട്രാക്ടർമാർ കൊടുത്ത 156 കേസ്സുകളും അവർക്കെതിരായി കൊടുത്ത ഒരു കേസ്സും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly